**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭയുടെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.15 പ്രകാരം തടസ്സപ്പെടുത്തിയ 2,20,000/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1166/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 07/06/2019**

**പരാമർശം:-** 1) നഗരകാര്യ ഡയറക്ടറുടെ 12/02/2019 ലെ എഫ് 2/984/19 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 22/04/2019-ലെ ഡി. കെ.എസ്.എ 1249/എം എൽ 1/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ നഗരസഭയുടെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.15 പ്രകാരം 2012-2013 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ നടത്തിയ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി നമ്പർ SO 232/13 ൽ ഉൾപ്പെടുത്തി കടലോര, ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം നടത്തിയ 2,20,000/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. എന്നാൽ വേമ്പനാട് കായൽ പ്രദേശത്ത് മത്സ്യബന്ധനത്തിസൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്ന വലിയൊരു ജനവിഭാഗത്തിന് ഈ പദ്ധതി ഗുണം ചെയ്തതിനാലും വ്യവസായ സ്റ്റോർ വഴി വല വിതരണം ചെയ്ത് പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക മുഴുവൻ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നതിനാലും ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റ് എന്ന പദ്ധതി നടത്തിയതിനുള്ള സാധൂകരണം സർക്കാരിൽ നിന്നും വാങ്ങുന്നതിന് 23/03/2017 ലെ 164-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭ തീരുമാനമെടുക്കുകയും പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

**2.** വേമ്പനാട് കായൽ പ്രദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ട് ഉപജീവനം കഴിക്കുന്ന വലിയൊരു ജനവിഭാഗത്തിന് ഈ പദ്ധതി ഗുണം ചെയ്തതിനാലും വ്യവസായ സ്റ്റോർ വഴി ഗിൽനെറ്റ് വല വിതരണം ചെയ്ത് പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക മുഴുവൻ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നതിനാലും 23/03/2017 ലെ നഗരസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിൽ മറ്റ് അപാകതകൾ ഇല്ലാത്തതിനാൽ ഖണ്ഡിക 3.15 ന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസഭ കൗൺസിലിന്റെ തീരുമാനം, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട്, കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ, 2012-2013 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതി നമ്പർ SO 232/13 ൽ ഉൾപ്പെടുത്തി കടലോര, ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റ് വിതരണം നടത്തിയതിൽ ഓഡിറ്റ് ഖണ്ഡിക 3.15 പ്രകാരം തടസ്സവാദം ഉന്നയിച്ച 2,20,000/- രൂപയ്ക്ക് (രണ്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, ആലപ്പുഴ നഗരസഭ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**